പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2935

13.03.2018-ൽ മറുപടിക്ക്

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നാളിതുവരെ എത്ര തുക ചെലവായി എന്നും, അത് ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) ഈ സർക്കാരിന്റെ കാലയളവിൽ 2017-18 വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നാളിതുവരെ 3636.06 കോടി രൂപ ചെലവായി. അത് ആകെ പദ്ധതി വിഹിതത്തിന്റെ 58.70% ആണ്. |
| ബി) പദ്ധതി നിർവ്വഹണം അടുത്ത സാമ്പത്തിക വർഷമെങ്കിലും കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി മാർച്ച് 31 നുള്ളിൽ പദ്ധതി അംഗീകാരം നേടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഇത് സഹായിക്കും. |

സെക്ഷൻ ഓഫീസർ